കേരള സർക്കാർ

## സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

**പത്തനംതിട്ട ജില്ല**

**ഉപജില്ലാ അദാലത്ത് സമിതി -1**

05-02-2024, 10.30 am ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമിതി 1 ന്റെ യോഗ മിനിറ്റ്സ്.

പങ്കെടുത്തവർ

1. കെ.സി.സുരേഷ് കുമാർ (ഇന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).
2. വിനീത്. ജി ( (അസിസ്റ്റന്റ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി, പ്ലാനിംഗ്)
3. മിനി.എസ്.(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മല്ലപ്പള്ളി, പത്തനംതിട്ട).

മല്ലപ്പള്ളി, പത്തനംതിട്ട എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു.

**പരിഗണിച്ച വിഷയം**- കെട്ടിട നമ്പർ നൽകുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്.

ബഹു.കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നവകേരള സദസ്സിൽ ലഭിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു.

### അദാലത്ത് തീർപ്പ്

തിരുവല്ല പാലിയേക്കര കിഴക്കേകൊട്ടാരത്തിൽ **ശ്രീമതി.അനിത തമ്പുരാട്ടി** എന്നയാൾ നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-

അതിപുരാതനമായ തിരുവല്ല പാലിയേക്കര കിഴക്കേകൊട്ടാരം സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്ത് നിർമ്മിയ്ക്കപ്പെട്ടതാണെന്നും, കൂട്ടുകുടുംബവ്യവസ്ഥയിൽ അവിടെ താമസിച്ചുവന്നിരുന്ന കുടുംബാംഗങ്ങൾ അവർ താമസിയ്ക്കുന്ന കെട്ടിടത്തിന് നഗരസഭയിൽ നിന്നും പ്രത്യേകം കെട്ടിട നമ്പർ ഇടുവിച്ചു. അപേക്ഷകയും,മാതാവും സ്ഥലത്തില്ലാത്തതിനാൽ പ്രത്യേക കെട്ടിട നമ്പർ അപേക്ഷകയുടെ കെട്ടിടത്തിന് ഇടുവിയ്ക്കാൻ കഴിഞ്ഞില്ലെന്നും 23/01/2023 ൽ ടി കെട്ടിടത്തിന് നമ്പരിടുവിയ്ക്കുന്നതിന് തിരുവല്ല നഗരസഭയിൽ അപേക്ഷ കൊടുക്കുകയുണ്ടായെന്നും ടി അപേക്ഷയ്ക്ക് 26/02/2023 ൽ അസിസ്റ്റന്റ് എൻജിനീയർ നൽകിയ മറുപടിയിൽ ടി കെട്ടിടം കെ.എം.ബി. ആറിന് വിരുദ്ധമായാണ് നിർമ്മിച്ചിട്ടുള്ളത് എന്നതിനാൽ തന്റെ അപേക്ഷ നിരസിയ്ക്കുകയാണുണ്ടായതെന്നും പറയുന്നു.

ടി സ്ഥലം അദാലത്ത് സമിതി അംഗങ്ങൾ നേരിട്ട് പരിശോധിയ്ക്കുന്നതിന് തീരുമാനിച്ചു.

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി-1
ഇന്റേണൽ വിജിലൻസ് ഓഫീസർ-1
തദ്ദേശസ്വയം ഭരണവകുപ്പ്
പത്തനംതിട്ട.